# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അറക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1040/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 16/11/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അറക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1040/2023 തീയ്യതി: 16/11/2023

## ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2023 മുതൽ 23-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 18-09-2023 | 23-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-09-2023 | 23-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി.എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷംലത്ത് എം.എസ്., അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ പി. സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. മായ കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കൃഷ്ണദാസ് എൻ. വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ് കെ.എസ്. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. മധു സി.ആർ. | സെക്രട്ടറി | 01-04-2022 | 17-10-2022 |
| ശ്രീ. വിനു കുമാർ എസ്.പി. | സെക്രട്ടറി | 18-10-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിന്ദു ബി.നായർ | അസി. സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. ബാബുരാജ് പി. ആർ. | അസി.എഞ്ചിനീയർ | 01-04-2022 | 01-11-2022 |
| ശ്രീ. ഷിയാസ് യൂസഫ് | അസി.എഞ്ചിനീയർ (അധിക ചുമതല) | 02-11-2022 | 14-11-2022 |
| ശ്രീ. അനന്തു രാജൻ | അസി.എഞ്ചിനീയർ (അധിക ചുമതല) | 15-11-2022 | 30-01-2023 |

| | | | |
|---|---|---|---|
| ശ്രീ. വർഗ്ഗീസ് ജോസഫ് | അസി.എഞ്ചിനീയർ (കോൺട്രാക്ട്) | 31-01-2023 | 31-03-2023 |
| ശ്രീമതി. സുജിത മോൾ സി. എസ്. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. അനുമോൾ കെ.എ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2022 | 31-03-2023 |
| ഡോ. ജീന മേരി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ. ജെറീഷ് എം. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. സനിത് കുമാർ എൻ. റ്റി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 06-01-2023 |
| ശ്രീ. കണ്ണൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 07-01-2023 | 31-03-2023 |
| ശ്രീമതി. ലാലി മാത്യു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 12-04-2022 |
| ശ്രീമതി. നിഷാമോൾ വി.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13-04-2022 | 31-03-2023 |
| ശ്രീ. വിനീത് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. മിനി സി. കർത്താ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 02-01-2023 |
| ഡോ. രേഷ്മ നാഥ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) അധിക ചുമതല | 03-01-2023 | 06-01-2023 |
| ഡോ. ആഷാ മോൾ കെ.എൻ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 07-01-2023 | 07-01-2023 |
| ഡോ. രേഷ്മ നാഥ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) അധിക ചുമതല | 08-01-2023 | 13-02-2023 |
| ഡോ. അന്ന വിജയൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 14-02-2023 | 31-03-2023 |
| ശ്രീമതി. വത്സമ്മ എൻ. റ്റി. | ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.സ്കൂൾ, പതിപ്പള്ളി | 01-04-2022 | 31-03-2023 |
| ശ്രീമതി. അനിശ്രീ ജി.നായർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-3 |
| 5 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-4 |
| 6 | ബാങ്ക് അക്കൗണ്ടുകൾക്ക് പ്രതിമാസ റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-5 |
| 7 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ആസ്തിയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ഡിപ്രീസിയേഷൻ ഉൾപ്പെടുത്തി | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ഗ്രാന്റ് വിനിയോഗം | 1-3 |
| 13 | പദ്ധതി അവലോകനം | 1-4 |
| 14 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല | 1-4-1 |
| 15 | റോഡ് കണക്ടിവിറ്റി മാപ്പ് - അപാകതകൾ | 1-4-2 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 17 | ക്ഷേമ പെൻഷൻ | 1-6 |
| 18 | ക്യാഷ് പരിശോധന | 1-7 |
| 19 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 20 | വസ്തു നികുതി പരിഷ്കരണം | 1-9 |
| 21 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കേണ്ടതാണ് | 1-10 |
| 22 | അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-11 |
| 23 | ഗ്രാമ പഞ്ചായത്തിലെ റിസോർട്ടുകളിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കേണ്ടതാണ് | 1-12 |
| 24 | വാടക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-13 |
| 25 | കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നൽകൽ കാര്യക്ഷമമല്ല | 1-14 |
| 26 | ഇ-ടെന്റർ വരവ് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാത്തത് | 1-15 |
| 27 | പൊളിച്ചു മാറ്റിയ സാധനങ്ങൾ ലേലം ചെയ്യാത്തത് | 1-16 |
| 28 | ജനകീയ ഹോട്ടലിന് വിഹിതം നൽകൽ - ചെലവഴിക്കാത്ത തുക ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടില്ല | 1-17 |
| 29 | ഷീപാഡ് പദ്ധതി-മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തു | 1-18 |
| 30 | ഹരിത കർമ്മ സേനയ്ക്ക് ബെയ് ലിംഗ് മെഷിൻ. മെഷീൻ സ്ഥാപിച്ചിട്ടില്ല | 1-19 |
| 31 | അംഗൻവാടി പൂരക പോഷകാഹാര പദ്ധതി- ജിഎസ് ടി ഇനത്തിൽ വിതരണക്കാരന് അധിക തുക നൽകി | 1-20 |
| 32 | ഹരിത കർമ്മ സേനയെ സംരംഭക ഗ്രൂപ്പായി ഉയർത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല | 1-21 |
| 33 | പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം GST അധികം നൽകി | 1-22 |
| 34 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ ഫണ്ടിന്റെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 15.07.2023-ലെ 8(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അറക്കുളം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ ഏന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

| | |
|---|---|
| തൊടുപുഴ | ഡെപ്യൂട്ടി ഡയറക്ടർ |
| തീയതി. 16.11.2023 | ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി |

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അറക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011- ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ.(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3893366/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹13865051/- ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ്

പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-4 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

വരവ് രജിസ്റ്റർ, ഡിസിബി രജിസ്റ്റർ, ഡേ ബുക്ക് എന്നിവ പരിശോധിച്ചപ്പോൾ വരവ് രസീത് തെറ്റായ ശീർഷകത്തിൽ നൽകിയത് പിന്നീട് ജേണൽ മുഖേന തിരുത്തിയിട്ടില്ല.

1-1-5 ബാങ്ക് അക്കൗണ്ടുകൾക്ക് പ്രതിമാസ റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

എല്ലാ ബാങ്ക്, ട്രഷറി അക്കൗണ്ടുകൾക്കും പ്രതിമാസ റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1-1-6 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും, നികുതിയേതര വരുമാനങ്ങളുടെ രജിസ്റ്ററുകളും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-7 രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയ ബന്ധിതമായി ഡിമാന്റ് എൻട്രികൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തുന്നില്ല.

ഉദാ-വസ്തുനികുതി

1-1-9 ആസ്തിയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ഡിപ്രീസിയേഷൻ ഉൾപ്പെടുത്തി

പഞ്ചായത്തിന്റെ ആസ്തിയായി രേഖപ്പെടുത്താത്ത വാട്ടർവേയ്സ് എന്ന ഇനത്തിന് B11(a) ഷെഡ്യൂളിൽ ഉൾപ്പെടുത്തി ഡിപ്രീസിയേഷൻ രേഖപ്പെടുത്തി.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റിന്റെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | ഭരണ സമിതി തീരുമാനം |
|---|---|---|
| പ്രാഥമിക ബജറ്റ് | 1/11-03-2022 | (1/I)/25-03-2022 |
| പുതുക്കിയ ബജറ്റ് | 1/23-02-2023 | (1/1)/01-03-2023 |

ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന തുകകൾ

| ഇനം | പ്രാഥമിക ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 1883123 | 1883123 |
| വരവ് | 206699100 | 212006850 |
| ആകെ | 208582223 | 213889973 |
| ചെലവ് | 206317500 | 212467763 |
| നീക്കിയിരിപ്പ് | 2264723 | 1422210 |

1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 29574000 | 29574000 | 23356006 | - |
| വികസന ഫണ്ട്-എസ്.സി.പി | - | 3989000 | 3989000 | 3567103 | - |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി | - | 4915000 | 4915000 | 4525506 | - |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 8048000 | 8048000 | 4197887 | - |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | - | 8014000 | 8014000 | 7994038 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -TIED | 6037026 | 7378000 | 13415026 | 2651393 | 10763633 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ – UNTIED | 117067 | 5619172 | 5736239 | 2814844 | 2921395 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ടോട്ടൽ സാനിട്ടേഷൻ ഗ്രാന്റ്-ഹരിത കേരള മിഷൻ | 25000 | 0 | 25000 | 0 | 25000 |
| ശുചിത്വ മിഷൻ | 474191 | 0 | 474191 | 144710 | 329481 |
| വെസ്റ്റേൺ ഘട്ട് | 5500 | 0 | 5500 | 0 | 5500 |
| എൻ.ആർ.എച്ച്.എം. | 386748 | 0 | 386748 | 0 | 386748 |
| ഐ.സി.ഡി.എസ്. | 1456045 | 872662 | 2328707 | 1149100 | 1179607 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈഫ് സംസ്ഥാന വിഹിതം | 700604 | 0 | 700604 | 690000 | 10604 |
| ജലനിധി | 4306250 | 307411 | 4613661` | 0 | 4613661 |
| പകർച്ചവ്യാധി നിയന്ത്രണം | 20109 | 0 | 20109 | 0 | 20109 |
| വിമുക്തി, കില ട്രെയിനിംഗ് | 511133 | 257802 | 768935 | 432502 | 336433 |
| എസ്.റ്റി തൊഴിൽ പരിശീലനം | 28800 | 0 | 28800 | 0 | 28800 |
| ആർദ്ര കേരളം പുരസ്കാരം | 0 | 500000 | 500000 | 0 | 500000 |
| എംഎൽഎ ഫണ്ട് | 2657837 | 0 | 0 | 1418196 | 1239641 |

1-3-1 വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. ആയത് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഇനം | | ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയ തുക | അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാനുള്ള തുക | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | ആകെ അനുവദിച്ച തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1049/2023/ധന. | 8327940 | 452600 | 921460 | 9702000 |
| | 6872/2022/ധന. | 8327940 | 452600 | 921460 | 9702000 |
| | 2839/2022/ധന. | 9717400 | 452600 | - | 10170000 |
| | ആകെ | 26373280 | 1357800 | 1842920 | 29574000 |
| വികസന ഫണ്ട് (എസ്.സി.പി.) | 1049/2023/ധന. | 1045346 | 0 | 283654 | 1329000 |
| | 6872/2022/ധന. | 1045346 | 0 | 283654 | 1329000 |
| | ആകെ | 2090692 | 0 | 567308 | 2658000 |
| വികസന ഫണ്ട് (ടി.എസ്.പി.) | 1049/2023/ധന. | 1168480 | 0 | 470020 | 1638500 |
| | 6872/2022/ധന. | 1168480 | 0 | 470020 | 1638500 |
| | ആകെ | 3337960 | 0 | 940040 | 3377000 |

1-3-2 വികസന ഫണ്ട് ജനറൽ, സംരക്ഷണ ഗ്രാന്റ് റോഡിതരം എന്നീ ഇനങ്ങളിൽ ചെലവ് കുറവ്

വികസന ഫണ്ട്(ജനറൽ), സംരക്ഷണ ഗ്രാന്റ് റോഡിതരം എന്നീ ഇനങ്ങളിൽ 2022-23-ൽ താഴെ പറയും പ്രകാരം 80%-ൽ താഴെ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നുവെങ്കിൽ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം തുകകൾ ലാപ്സായി.

| ഇനം | അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 29574000 | 23356006 | 6217994 | 78.97 | 5914800 | 303194 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 8048000 | 4197887 | 3850113 | 52.16 | 1609600 | 2240513 |
| ആകെ | | | | | | 2543707 |

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതികൾ | പദ്ധതി ചെലവ് | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 208 | 160567061 | 163 | 75638509 | 45 | 78 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ | നടപ്പാക്കിയ പദ്ധതികളുടെ % | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് % |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 100 | 3186484 | 3186439 | 100 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 15 | 15 | 100 | 3897019 | 3704756 | 86 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 100 | 340000 | 333124 | 98 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 9 | 9 | 100 | 1860000 | 1788416 | 96 |
| വെറ്ററിനറി സർജൻ | 11 | 10 | 91 | 8095000 | 2948245 | 36 |
| വി.ഇ.ഒ. | 24 | 17 | 71 | 85870450 | 30342771 | 35 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 4 | 67 | 5140081 | 3954436 | 77 |
| സെക്രട്ടറി | 49 | 40 | 82 | 16047133 | 11548855 | 72 |
| അസി. സെക്രട്ടറി | 8 | 8 | 100 | 3024500 | 1743634 | |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100 | 2500000 | 683676 | 27 |
| അസി. എഞ്ചിനീയർ | 56 | 31 | 55 | 26330610 | 12004112 | 46 |
| ഹെഡ്മാസ്റ്റർ | 11 | 11 | 100 | 3396456 | 3202681 | 94 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 3 | 75 | 879328 | 197364 | 22 |

1-4-1 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല

സ.ഉ.(കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വാർഷിക പദ്ധതികൾ

തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/2011/ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ച് കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 20.01.2017-ലെ ജി.ഒ.(ആർ.ടി.) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-4-2 റോഡ് കണക്ടിവിറ്റി മാപ്പ് - അപാകതകൾ

അസി. എൻജിനീയർ നടപ്പാക്കിയ പഞ്ചായത്ത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന്റെ ചെലവ് പ്രോജക്ട് നം.03/23 (സ്പിൽ ഓവർ) എന്ന പദ്ധതിപ്രകാരം വികസന ഫണ്ടിൽ നിന്നും ₹45000/- (ബിൽ നം. 22100152002501235871/21-2-23) ചെലവഴിച്ച് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അത് നിലവിൽ പ്രയോജനപ്പെടുന്നില്ല. ഇത് ആസ്തി വിവരങ്ങൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള സചിത്ര സോഫ്റ്റ്‌വെയറുമായി ലിങ്ക് ചെയ്തിട്ടില്ല. നിലവിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ മാത്രമാണ് കണക്ടിവിറ്റി മാപ്പിൽ ഉൾപ്പെട്ടിട്ടുള്ളത്. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ പുതിയ റോഡുകൾ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ റോഡ് നിർമ്മാണങ്ങൾ നടക്കുന്നുണ്ട്. തൊഴിലുറപ്പ് ഓഫീസിനും ഈ മാപ്പിന്റെ ലിങ്ക് കൈമാറുകയോ കൂട്ടിച്ചേർക്കലുകൾ ഈ ഓഫീസിൽനിന്ന് ആവശ്യപ്പെടുകയോ ചെയ്യുന്നില്ല. നിലവിൽ ആകെ 194 റോഡുകൾ (98 Km നീളം) ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡിന്റെ തരം, ചെയിനേജ്, റീച്ച്, വീതി തുടങ്ങിയ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി പുതിയ കൂട്ടിച്ചേർക്കലുകൾ നടത്താനുതകുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതി ഓഫീസുകൾകൂടി ഉൾപ്പെടുത്തി കണക്ടിവിറ്റി മാപ്പ് പ്രയോജനപ്പെടുത്തേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 76 | 1912299 | 1912375 | 1912353 | 22 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 30966054 | 30966054 | 30966054 | 0 |
| മെറ്റീരിയൽ പർച്ചേസ് | 0 | 4418000 | 4418000 | 4418000 | 0 |

1-6 ക്ഷേമ പെൻഷൻ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവ പെൻഷൻ | 6962200 | 668 |
| വാർദ്ധക്യകാല പെൻഷൻ | 20928200 | 2014 |
| വികലാംഗ പെൻഷൻ | 2267800 | 209 |
| കർഷക തൊഴിലാളി പെൻഷൻ | 676600 | 63 |
| തൊഴിലില്ലായ്മ വേതനം | 3480 | 2 |
| 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 480000 | 43 |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-09-2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹27824/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ബാങ്ക്-ട്രഷറി അക്കൗണ്ടുകളുടെ എല്ലാ മാസങ്ങളിലെയും റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വസ്തുനികുതി, തൊഴിൽ നികുതി തുടങ്ങിയ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിൽത്തന്നെ രേഖപ്പെടുത്തേണ്ടതും, തുടർന്ന് എല്ലാ മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്. ബജറ്റ് രൂപീകരണത്തിലും പരിപാലനത്തിലുമുള്ള അപാകതകൾ മുൻവർഷങ്ങളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്, ഓഡിറ്റ് വർഷത്തിലും പരിഹരിച്ചിട്ടില്ല. വസ്തുനികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായ ഫീൽഡ് പരിശോധനയിലൂടെ ഉറപ്പുവരുത്തിയിട്ടില്ല. പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നിലവിലെ പരിശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതുമാണ്.

1-9 വസ്തു നികുതി പരിഷ്കരണം

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും 2013-ലെ ഭേദഗതി ചട്ടങ്ങളും വിവിധ ഘട്ടങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും ഉത്തരവുകളും പ്രകാരമുള്ള വസ്തു നികുതി, നിലവിൽ സഞ്ചയ സോഫ്റ്റ്വെയറിന്റെ സഹായത്തോടെയാണ് നിർണ്ണയിക്കുന്നത്. വസ്തു നികുതി ഡാറ്റയുടെ കൃത്യതയും 2023-ൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചതിന്റെ കാര്യക്ഷമതയും വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

2022-23 വർഷത്തെ വാർഷിക കണക്ക്, സഞ്ചയ DCB എന്നിവ പ്രകാരമുള്ള വരവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | വരവ് ₹ |
|---|---|
| AFS പ്രകാരം വസ്തു നികുതി വരവ് | 3376679 |
| സഞ്ചയ DCB പ്രകാരം വരവ് | 3562049 |

2023-ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നിതനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) വസ്തു നികുതിയുടെ പരിഷ്കരണത്തിന്റെ ഭാഗമായി വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും പുതുക്കി നിശ്ചയിക്കാവുന്നതാണ്.

4) ഭരണ സമിതി അംഗീകരിച്ച് അന്തിമമാക്കിയ വസ്തുനികുതിയുടെ പുതുക്കിയ നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

മേൽ വിഷയങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/19.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-10 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കേണ്ടതാണ്

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു.

14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

മേൽ വിജ്ഞാപനങ്ങൾ പ്രകാരമുള്ള (24.02.2015-ലെയും, 08.09.2020-ലെയും) ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ നികുതി നിരക്കും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും | 3 | 8 |

| | | | |
|---|---|---|---|
| | അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് | | |
| 2 | മൈക്രോ സ്മാൾ ആൻറ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 3 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 4 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |
| 5 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |

ഇവയിൽ മേൽപട്ടിക ക്രമ നമ്പർ 5 -ൽ രേഖപ്പെടുത്തിയ ഉപയോഗക്രമത്തിന് മാത്രമെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. അവശേഷിക്കുന്നവ 2022-23 വർഷം വരെയും നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, റസിഡൻഷ്യൽ ഹോംസ്റ്റേ എന്നിവ പ്രവർത്തിക്കുന്നതിനുള്ള സാധ്യതയേറെയുള്ളതിനാൽ തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നുണ്ടോയെന്ന് 2023-ലെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡ് പരിശോധന നടത്തി ബോധ്യപ്പെടേണ്ടതുണ്ട്.

മേൽ സൂചിപ്പിച്ച കെട്ടിട വിഭാഗങ്ങൾക്ക് വസ്തുനികുതി നിരക്ക് നിശ്ചയിക്കാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/18.09.2023) മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് അനുസൃതമായും സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായും പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാകുന്നതാണ് എന്നതിനാൽ തുടർവർഷങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ താമസംവിനാ നടപ്പാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

### അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി

യു.എ രജിസ്റ്റർ പ്രകാരം 139 കെട്ടിടങ്ങളാണുള്ളത്. സഞ്ചയ ഡാറ്റ പ്രകാരം 10 കെട്ടിടങ്ങൾക്ക് മാത്രമാണ് യു.എ നമ്പർ നൽകി നികുതിയുടെ മൂന്നിരട്ടി ഫീസ് ഈടാക്കി വരുന്നത്. അവശേഷിക്കുന്ന 129 കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തി നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക ഈടാക്കാവുന്നതാണെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 235എഎ(1) പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ 203(2) പറയുന്ന പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ മേൽ ചേർത്തിരിക്കുന്ന പ്രകാരം നികുതി ഈടാക്കാവുന്നതാണ്.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം 'യു എ.' കെട്ടിട നമ്പർ അനുവദിക്കുന്നത് 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

യു.എ രജിസ്റ്ററിലേയും സഞ്ചയയിലെയും വിവരങ്ങൾ തമ്മിലുള്ള വ്യത്യാസം അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടികൾ എടുക്കുന്നതിലുള്ള വീഴ്ചയെ സൂചിപ്പിക്കുന്നു.

അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനോ പൊളിച്ചുമാറ്റുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കാതിരുന്നതിനും നിയമാനുസൃതമായ വസ്തുനികുതി ഈടാക്കാതിരുന്നതിനുമുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സർക്കാരിലേക്കുള്ള റിപ്പോർട്ട്, വിജിലൻസ് സംവിധാനം

കണ്ടുപിടിക്കപ്പെട്ട അനധികൃത നിർമ്മാണങ്ങളുടെ എണ്ണവും സ്വീകരിച്ച നടപടികളും തീർപ്പാക്കുവാൻ അവശേഷിക്കുന്ന ക്രമവത്ക്കരണത്തിനുള്ള അപേക്ഷകൾ മുതലായ വിവരങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് ഓരോ മൂന്ന് മാസം കൂടുമ്പോഴും സെക്രട്ടറി സർക്കാരിലേക്ക് അയയ്ക്കേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള റിപ്പോർട്ട് കൃത്യമായി നൽകുന്നില്ല. ചട്ടം 105 പ്രകാരമുള്ള വിജിലൻസ് സംവിധാനവും കാര്യക്ഷമമല്ല.

മേൽ വിഷയങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/19.09.2023) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

1) അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനോ പൊളിച്ചുമാറ്റുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിയമാനുസൃതമായ വസ്തുനികുതി ഈടാക്കേണ്ടതാണ്.

2) ആവശ്യമായ പരിശോധന നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് നൽകുന്നതിലും പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 ഗ്രാമ പഞ്ചായത്തിലെ റിസോർട്ടുകളിൽ നിന്നും നിയയമാനുസൃത വസ്തു നികുതി ഈടാക്കേണ്ടതാണ്

അറക്കുളം ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ 3 റിസോർട്ടുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. പ്രസ്തുത റിസോർട്ടുകളിലെ എല്ലാ കെട്ടിടങ്ങൾക്കും കെട്ടിട നമ്പറുകൾ നൽകി വസ്തുനികുതി ഈടാക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) കാനനം റിട്രീറ്റ് പ്രൈവറ്റ് ലിമിറ്റഡ്, കുളമാവ്

ഗ്രാമ പഞ്ചായത്തിന്റെ 3-ാം വാർഡിൽ പ്രവർത്തിക്കുന്ന കാനനം റിട്രീറ്റ് പ്രൈവറ്റ് ലിമിറ്റഡ്, കുളമാവ് എന്ന സ്ഥാപനത്തിന് ബി4-1201/22 തിയതി 18.03.2022 പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിന്റെയും 20.09.2023 തിയതിയിൽ സ്ഥലപരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ ആകെ 11 കെട്ടിട നമ്പറുകൾ നൽകിയതിൽ 6 കെട്ടിടങ്ങൾക്ക് റിസോർട്ടുകൾ (വസ്തുനികുതി നിരക്ക് 90/ ച.മീ) എന്ന ഉപയോഗക്രമത്തിനു പകരം പാർപ്പിടം (വസ്തുനികുതി നിരക്ക് 7/ ച.മീ) എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് നമ്പർ നൽകി വസ്തുനികുതി ഈടാക്കുന്നതെന്ന് ബോധ്യപ്പെട്ടു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | തറ വിസ്തീർണ്ണം | ഉപയോഗക്രമം | ഈടാക്കി വരുന്ന നികുതി നിരക്ക് | ഈടാക്കി വരുന്ന നികുതി |
|---|---|---|---|---|---|
| 204 A | നീൽ ഉറുമീസ് (വാഴപ്പിള്ളി, കനയന്നൂർ) | താഴത്തെ നില (63ച മീ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 45 | 2814 |
| 204 B | ജോസഫ് ലൂക്കോസ് (തൊടുപുഴ, 685588) | താഴത്തെ നില (63ച മീ) | പാർപ്പിടാവശ്യം | 7 | 438 |
| 204 C | നോബിൾ ജോൺ (എറണാകുളം, 686670) | താഴത്തെ നില (63ച മീ) | പാർപ്പിടാവശ്യം | 7 | 438 |
| 204 D | ഷാജു ജോസഫ് (വയറ്റാട്ടിൽ, കാരിക്കട്, 685588) | താഴത്തെ നില (63ച മീ) | പാർപ്പിടാവശ്യം | 7 | 438 |
| 204 F | ഷാർലറ്റ് റ്റി.ജെ, മാനേജിംഗ് ഡയറക്ടർ (കാനനം റിട്രീറ്റ് പ്രൈവറ്റ് ലിമിറ്റഡ്, കുളമാവ് ) | സെല്ലാർ (208.24ച മീ), താഴത്തെ നില (45.86ച മീ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 60 | 15130 |
| 204 E | ജോസഫ് ലൂക്കോസ് (കരിപ്പലങ്ങാട് പി ഒ) | താഴത്തെ നില (63ച മീ) | പാർപ്പിടാവശ്യം | 7 | 438 |

| | | | | | |
|---|---|---|---|---|---|
| 204 G | കൃഷ്ണകുമാർ (പറപ്പള്ളിൽ, തൊടുപുഴ) | സെല്ലാർ (67.75ച മീ), താഴത്തെ നില (67.75ച മീ) | പാർപ്പിടാവശ്യം | 7 | 942 |
| 204 H | പ്രീതംകുമാർ (ചാല പി.ഒ, തിരുവനന്തപുരം ജില്ല) | താഴത്തെ നില (50ച മീ) | റിസോർട്ടുകൾ | 90 | 3969 |
| 204 I | രാജേഷ് കെ.നായർ (കാഞ്ഞിരക്കാട്ട്, തൊടുപുഴ) | താഴത്തെ നില (52ച മീ) | റിസോർട്ടുകൾ | 90 | 4129 |
| 204 J | ഡോ.ജോൺസ് കുര്യൻ (എറണാകുളം പി.ഒ) | താഴത്തെ നില (51ച മീ) | റിസോർട്ടുകൾ | 90 | 4049 |
| 204 K | ബീന ആർ. (പേരൂർചേരി), സന്തോഷ് (കോതമംഗലം), സിന്ധു എസ്. (ആലുവ വെസ്റ്റ്), എൻ.ആർ.റോയി (കൊറ്റംകര) | താഴത്തെ നില (67.25ച മീ), ഒന്നാം നില (38.43ച മീ) | പാർപ്പിടാവശ്യം | 7 | 735 |

എല്ലാ കെട്ടിടങ്ങളുടെയും നികുതി റിസോർട്ട് എന്ന ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ പുനർനിർണ്ണയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതും ആയതു പ്രകാരം നികുതി ഈടാക്കേണ്ടതുമാണ്.

ബി) ഗ്രീൻബർഗ് ഹോളിഡേ റിസോർട്ട്, കുളമാവ്

ഗ്രാമ പഞ്ചായത്തിന്റെ 3-ാം വാർഡിൽ പ്രവർത്തിക്കുന്ന ഗ്രീൻബർഗ് ഹോളിഡേ റിസോർട്ട്, കുളമാവ് എന്ന സ്ഥാപനത്തിന് ബി4-1280/22 തിയതി 23.03.2022 പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിന്റെയും 20.09.2023 തിയതിയിൽ സ്ഥലപരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത റിസോർട്ടിന്റെ ഭാഗമായി ഒരു എസി കോൺഫറൻസ് ഹാൾ പ്രവർത്തിച്ചുവരുന്നതായും ആയതിന് കെട്ടിട നമ്പർ/ യു.എ നമ്പർ നൽകുകയോ നിയമാനുസൃത നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല എന്നും കണ്ടെത്തി. റിസോർട്ടിന്റെ ഭാഗമായുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം പുന:പരിശോധിക്കേണ്ടതും റിസോർട്ട് എന്ന ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതും നികുതി ഈടാക്കേണ്ടതുമാണ്. അനധികൃതമായി നിർമ്മാണം പൂർത്തീകരിച്ച എസി കോൺഫറൻസ് ഹാളിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235 ഡബ്ല്യു, സെക്ഷൻ 235എഎ, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 എന്നിവ പ്രകാരവും മറ്റ് നിയമങ്ങളുടെ നിർദ്ദേശാനുസരണവും നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയങ്ങളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/23.09.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-13 വാടക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

അറക്കുളം ഗ്രാമപഞ്ചായത്തിന് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളിൽ നിന്നാണ് വാടകയിനത്തിൽ വരുമാനം ലഭിക്കുന്നത്. വാടക രജിസ്റ്റർ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സുകളിൽ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെ എണ്ണം 21 ആണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിലെ ആകെ വരവ് ₹545916/- യാണ്. B15 ഷെഡ്യൂൾ പ്രകാരം കൈവശക്കാർ കുടിശ്ശിക വരുത്തിയ തുക ₹37169/- യാണ്. വാടക രജിസ്റ്ററിൽ തൻവർഷത്തെ വരവും കുടിശ്ശിക വരവും കൃത്യമായി ചേർക്കാത്തതിനാൽ വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് കഴിയാത്ത സ്ഥിതിയാണുള്ളത്.

1) വാടക പിരിവിനായുള്ള ബൈലോ

വാടകയ്ക്കു നൽകുന്ന കടമുറികളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിനായി ബൈലോ തയ്യാറാക്കിയതായി കാണുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3

(5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

2) ഓഡിറ്റോറിയം വാടക

വാർഷിക ധനകാര്യ പത്രിക പ്രകാരം Rent From Auditoriums & Hall എന്ന ശീർഷകത്തിൽ 5000രൂപ വരവുണ്ട്. ഓഡിറ്റോറിയം രജിസ്റ്ററിൽ ഡിസിബി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപെടുത്തിയിട്ടില്ല.

ഓഡിറ്റോറിയം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

വാടക തുകകൾ സാങ്കേതിക വിദഗ്ദനാൽ നിർണ്ണയിച്ചല്ല നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. വളരെ കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകി വരുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ പ്രസ്തുത ആസ്തിയിൽ നിന്നുള്ള വരുമാനം കുറയുന്നതിന് ഇടയാക്കുന്നു. അറ്റകുറ്റപണികൾക്കും നവീകരണ പ്രവർത്തനങ്ങൾക്കുമായി അതിന്റെ വരുമാനം കൊണ്ടുതന്നെ പൂർത്തീകരിക്കാൻ കഴിയുന്ന വിധത്തിലാവണം നിരക്ക് നിശ്ചയിക്കപ്പെടേണ്ടത്.

3) വാടക പിരിവിനുള്ള സോഫ്റ്റ്‌വെയർ

ഐ.കെ.എം വികസിപ്പിച്ച സഞ്ചയ സോഫ്റ്റ്‌വെയറിൽ വാടക ഈടാക്കുന്നതിനുള്ള മോഡ്യൂൾ കൂടി ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിലും വർഷങ്ങൾ പലതു കഴിഞ്ഞിട്ടും ആയത് പ്രാവർത്തികമായിട്ടില്ല.

4) കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു

2022 ഏപ്രിൽ മുതൽ 3 കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. ആയത് നാളിതുവരെ വാടയ്ക്ക് നൽകുന്നതിനായി ലേലം ചെയ്ത് കൈയ്യൊഴിച്ചതായി കാണുന്നില്ല. ലേലം ചെയ്തു നൽകുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (നം. 8/20.09.2023)

5) ഓഡിറ്റ് നിർദേശം

എ) വാർഷിക ധനകാര്യ പത്രിക വരവും രജിസ്റ്ററിലെ വരവും പൊരുത്തപ്പെടാത്തതിന്റെ കാരണം പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

ബി) വാടക ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

സി) ബൈലോയിലെ നിർദ്ദേശപ്രകാരമുള്ള വാടക കരാർ ചമയ്ക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

ഡി) വാടക രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ഇ) മറ്റ് ആസ്തികളിൽ നിന്നും വരുമാന സാധ്യത വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-14 കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നൽകൽ കാര്യക്ഷമമല്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയർക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരമുള്ള ലൈസൻസ് നൽകൽ കാര്യക്ഷമമല്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഒരു സ്ഥാപനത്തിന് പോലും മേൽ ചട്ടപ്രകാരമുള്ള ലൈസൻസ് നൽകിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ഈ ഇനത്തിൽ വരവില്ല.

ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക്

എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവയ്ക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/19.09.2023) മറുപടി ലഭ്യമാക്കിയില്ല.

1-15 ഇ-ടെന്റർ വരവ് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാത്തത്

തൻവർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ 17 പദ്ധതികളിൽ ഇ-ടെൻഡർ പ്രകാരം ഇ.എം.ഡി., ടെന്റർ ഫോം എന്നീ ഇനങ്ങളിൽ പഞ്ചായത്തിന് തനതു വരുമാനമായി ലഭിച്ച ₹324313/- എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. ഈ തുക താമസംവിനാ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻഫർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 പൊളിച്ച മാറ്റിയ സാധനങ്ങൾ ലേലം ചെയ്യാത്തത്

കുളമാവ് IHEP LP സ്കൂൾ മേൽക്കൂരമാറ്റൽ (85/23) എന്ന പദ്ധതിയുടെ ഒന്നാം ഇനം പ്രകാരം നിലവിലുണ്ടായിരുന്ന മേൽക്കൂര പൊളിച്ച നീക്കുന്നതിന് (ആസ്ബറ്റോസ്, പലകകൾ ഉടങ്ങിയവ) ₹39420/- നൽകിയിട്ടുണ്ട്. 18.7.2022-ലെ 14/16 തീരുമാനപ്രകാരം പൊളിച്ച മാറ്റിയ സാധനങ്ങൾ ലേലം ചെയ്ത് കൊടുക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയത് ലേലം ചെയ്തിട്ടില്ല. പൊളിച്ചുമാറ്റിയ സാമഗ്രികൾ സ്കൂൾ പരിസരത്തുതന്നെ കിടക്കുന്നതായി പ്രാദേശിക പരിശോധനയിൽ കാണുകയുണ്ടായി. ഇവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ജനകീയ ഹോട്ടലിന് വിഹിതം നൽകൽ - ചെലവഴിക്കാത്ത തുക ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടില്ല

സ.ഉ. (കൈ) 45/2020 തസ്വഭവ 06.03.2020-ലെ ഖണ്ഡിക 1.6 പ്രകാരം ജനകീയ ഹോട്ടലിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി റിവോൾവിംഗ് ഫണ്ടായി ഉടക്കത്തിൽ ₹20000/- നൽകാൻ നിർദ്ദേശിച്ചിരിക്കുന്നു. ഇതു പ്രകാരം അറക്കുളം ഗ്രാമപഞ്ചായത്തിന് ഇടുക്കി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 2020-21 വർഷം ₹20000/- ലഭിച്ചിട്ടുണ്ട്. ജനകീയ ഹോട്ടൽ വളരെ കുറഞ്ഞകാലം മാത്രമാണ് പ്രവർത്തിച്ചത്. ആയതിനാൽ പ്രസ്തുത തുക കൈമാറേണ്ട സാഹചര്യമുണ്ടാകാത്തതിനാൽ രണ്ടു വർഷത്തോളം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിച്ചതിന് ശേഷം കുടുംബശ്രീയുടെ അക്കൗണ്ടിലേയ്ക്ക് മേൽ പദ്ധതി പ്രകാരം തുക മാറി നൽകിയിരിക്കുന്നു. ഇത്തരത്തിൽ കുടുംബശ്രീയുടെ അക്കൗണ്ടിലേയ്ക്ക് പണം മാറിനൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നമ്പർ 5/19.09.2023നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ജനകീയ ഹോട്ടൽ പ്രവർത്തിക്കാത്ത സാഹചര്യത്തിൽ തുക തിരികെ ബ്ലോക്ക് പഞ്ചായത്തിന് നൽകേണ്ടതാണ്.

1-18 ഷീപാഡ് പദ്ധതി-മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തു

പദ്ധതി നമ്പർ-84/23

പദ്ധതി -ഷീ പാഡ് പദ്ധതി

ബിൽ നമ്പർ 22100152003201456166/തിയതി 23-3-23 തുക ₹99998/-

തൻവർഷം ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ഷീ പാഡ് പദ്ധതിക്ക് മേൽ ചേർത്തിരിക്കുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

സ.ഉ.(കൈ) നം. 115/2022/LSGD തിയതി 28-5-2022 ഖണ്ഡിക 7.4.6 പ്രകാരം ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമാണ് മേൽ പ്രോജക്റ്റ് ഏറ്റെടുക്കാവുന്നത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് പദ്ധതി ഏറ്റെടുത്ത് ചെലവ് ചെയ്തത് ക്രമവിരുദ്ധമാണ്. ഈ അപാകതയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 ഹരിത കർമ്മ സേനയ്ക്ക് ബെയ് ലിംഗ് മെഷിൻ. മെഷീൻ സ്ഥാപിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹550000/- |
| ബിൽ നമ്പർ | 22100152002401469512/ 25.03.23- ₹467999/- |

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് ₹467999/- ചെലവഴിച്ച് മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് 2022-23 വർഷം പ്രോജക്റ്റ് നം 89/23-ൽ ഉൾപ്പെടുത്തി ബെയ്‌ലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടമോ മറ്റ് അടിസ്ഥാന

സൌകര്യമോ ഒരുക്കാത്തതിനാൽ നാളിതുവരെ സ്ഥാപിക്കാതെ എം.സി.എഫ്. ന് സമീപത്ത് പടുതയിട്ട് മൂടി വച്ചിരിക്കുന്ന നിലയിലാണ്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ മെഷിൻ വാങ്ങിയത് സർക്കാർ പണം ലാഘവബുദ്ധിയോടെ കൈകാര്യം ചെയ്തതു മൂലമാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നമ്പർ 14/23.09.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മെഷീൻ നശിച്ചുപോകാതെ പ്രവർത്തനസജ്ജമാക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണം നടത്തിയ സെക്രട്ടറിയുടെയും പദ്ധതിക്ക് ഭരണാനുമതി നൽകിയ പഞ്ചായത്ത് ഭരണ സമിതിയുടെയും ബാധ്യതയായി നിശ്ചയിക്കുന്നതാണ്. ഈ ഇനത്തിലെ ₹467999/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 അംഗൻവാടി പൂരക പോഷകാഹാര പദ്ധതി- ജിഎസ് ടി ഇനത്തിൽ വിതരണക്കാരന് അധിക തുക നൽകി

CGST Act, 2017 ലെ വകുപ്പ് 10, SGST Act, 2017-ലെ വകുപ്പ് 10 എന്നിവ പ്രകാരം ജി.എസ്.ടി. കോമ്പോസിഷൻ ഓപ്റ്റ് ചെയ്തിട്ടുള്ള നികുതിദായകർ സാധനങ്ങളും സേവനങ്ങളും നൽകുമ്പോൾ ടാക്സ് ഇൻവോയ്സിന് പകരം ബിൽ ഓഫ് സപ്ലൈ ആണ് നൽകേണ്ടതെന്നും ജി.എസ്.ടി. ഈടാക്കുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അമൃതം ന്യൂട്രിമിക്സിന് 5 ശതമാനം ജി.എസ്.ടി. ഉൾപ്പടെ കിലോഗ്രാമിന് ₹73.50/- (₹70.00 + ₹3.50) യാണ് സർക്കാർ നിശ്ചയിച്ച വില. എന്നാൽ, അറക്കുളം ഗ്രാമപഞ്ചായത്തിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത ഓജസ് ന്യൂട്രിമിക്സ്, തങ്കമണി, ജീവൻ ന്യൂട്രിമിക്സ്, മരിയാപുരം എന്നീ സ്ഥാപനങ്ങൾ Bill Of Supply ആണ് നൽകിയിട്ടുള്ളതെങ്കിലും ആയതിൽ 5 ശതമാനം ജി.എസ്.ടി. ഉൾപ്പെടെയുള്ള തുകയായ ₹73.50/- നിരക്കിൽ ആണ് ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിനാൽ ഈയിനത്തിൽ അധികമായി തുക നൽകുവാൻ ഇടയായി. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ബിൽ നമ്പർ, തീയതി, തുക | ന്യൂട്രിമിക്സ് തൂക്കം (കി.ഗ്രാ.) | നൽകിയ തുക @ ₹73.5/- | നൽകേണ്ട തുക@ ₹70/- | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|
| ജീവൻ അമൃതം ന്യൂട്രിമിക്സ്, മരിയാപുരം | 221001522002700953324/24-12-22 /187314 | 807 | 59314 | 56490 | 2824 |
| ഓജസ് അമൃതം ന്യൂട്രിമിക്സ്, തങ്കമണി | | 828 | 60858 | 57960 | 2898 |
| ഓജസ് അമൃതം ന്യൂട്രിമിക്സ്, തങ്കമണി | 221001522002700680675/22-10-22 /455760 | 1707 | 125464 | 119490 | 5974 |
| ജീവൻ അമൃതം ന്യൂട്രിമിക്സ്, മരിയാപുരം | 303/18-03-23/66370 | 903 | 66370 | 63210 | 3160 |
| ജീവൻ അമൃതം ന്യൂട്രിമിക്സ്, മരിയാപുരം | 22100152002701238281/24-02-23 /689746 | 899.5 | 66113 | 62965 | 3148 |
| | | | | ആകെ നഷ്ടം | 18004 |

ജി.എസ്.ടി.-ക്ക് അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. ഇനത്തിൽ തുക നൽകിയത് മൂലം ₹18004/- നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 13/23-09-2023 ക്ക് മറുപടി ലഭ്യമാക്കിയില്ല. നഷ്ടതുക തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിലേക്ക് അടവാക്കുകയോ തുടർന്ന് വരുന്ന ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

1-21 ഹരിത കർമ്മ സേനയെ സംരംഭക ഗ്രൂപ്പായി ഉയർത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166 (1) വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. സ.ഉ.(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ.(ആർ.ടി.) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ച സംഭവിച്ചിരിക്കുന്നു. സേനയെ ക്രിയാത്മക ശക്തിയായി വളർത്തുന്നതിന് നിലവിലും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സ്ത്രീകളുടെ പകൽ വീടിനോട് ചേർന്ന് നിർമ്മിച്ചിരിക്കുന്ന പഴയ കെട്ടിടം നിലവിൽ എം.സി.എഫ്. ആയി പ്രവർത്തിക്കുന്നു. എന്നാൽ ആയതിന് സ്ഥല പരിമിതി നേരിടുന്നതിനാൽ സമീപസ്ഥലങ്ങളിലായി മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നു. പകൽ വീടിനോട് ചേർന്ന് മാലിന്യം കൂട്ടിയിട്ടിരിക്കുന്നത് ഒട്ടും സുരക്ഷിതമായ രീതിയിലല്ല. സാംക്രമിക രോഗങ്ങൾ പകർന്ന് പിടിക്കാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല.

സ്ഥാപനത്തിൽ അജൈവ മാലിന്യ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മസേന അംഗങ്ങൾ ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ ക്ലീൻകേരള കമ്പനി മുഖേനയാണ് നീക്കം ചെയ്യുന്നത്. എന്നാൽ ഇത് ഒട്ടും ഫലപ്രദമല്ല എന്ന് നേരിട്ട് നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. സ.ഉ.(സാധാ)നം.2420/2017 തി.15/07/2017 പ്രകാരം സ്ഥാപനത്തിൽ അജൈവ മാലിന്യ പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം ഹരിതകർമസേനയെ ശക്തിപ്പെടുത്താനും അവരുടെ തൊഴിൽ സാധ്യതകൾ ഉറപ്പ് വരുത്തുന്നതിനും അധിക വരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾ നടപടികളെടുക്കേണ്ടതിനെക്കുറിച്ച് കൃത്യമായി പ്രതിപാദിക്കുന്നുണ്ട്. ഹരിത കർമ്മസേനക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിലും അവരെ പ്രവർത്തനോന്മുഖരാക്കുന്നതിനും പരിശീലനം നൽകുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നും നേതൃത്വപരമായ പ്രവർത്തനം ഉണ്ടാകുന്നില്ല. ഹരിതകർമ്മസേനയെ ആദായകരമായ സംരംഭമാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളോ അധിക വരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങളോ സ്ഥാപനത്തിൽ നടക്കുന്നില്ല.

ആകെ 15 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ 30 ഹരിത കർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വീടുകളിൽ കയറി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ എം.സി.എഫ്. വച്ച് വേർതിരിച്ച് ക്ലീൻ കേരള കമ്പനി മുഖേന നീക്കം ചെയ്യുന്നു. 5068 വീടുകളിൽ നിന്നും 390 വാണിജ്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങളുടെ യൂസർഫീ മുഴുവനായും ഹരിത കർമ്മസേനയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് സേനാംഗങ്ങൾക്കുള്ള ശമ്പളം ഇതിൽ നിന്ന് നൽകുന്നു. യൂസർ ഫീ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും നിന്നും ലഭിക്കുന്നില്ല എന്നാണ് ഹരിതകർമ്മ സേനയുടെ ലീഡർ അറിയിച്ചത്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി സഹകരിക്കാത്തവർക്കെതിരെ തദ്ദേശ ഭരണ സ്ഥാപനം കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹരിതകർമ്മസേനയുടെ ക്രിയാത്മക പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഹരിതകർമ്മസേന മൈക്രോ സംരംഭ ഗ്രൂപ്പുകൾ, ഹരിതകർമ്മസേന കൺസോർഷ്യം എന്നീ ഘടകങ്ങളായി തരം തിരിക്കാൻ 23.4.2018 ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10394-D-2017/KSHO നമ്പർ ഉത്തരവു പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. സേനക്ക് വരുമാനം ലഭിക്കുന്നതിന് പ്രധാനമായും താഴെ പറയുന്ന പ്രകാരമുള്ള പ്രവർത്തനങ്ങളിൽ നിന്നാണ്.

- ഹരിതകർമ്മസേന അജൈവ മാലിന്യങ്ങൾ വീടുകളിൽ /സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന യൂസർ ഫീ.
- ശേഖരിച്ച അജൈവ മാലിന്യങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി കരാറിലേർപ്പെടുന്ന സ്ഥാപനങ്ങൾക്ക് നൽകുന്നതിൽ നിന്ന് ലഭിക്കുന്ന വരവ്.
- പ്രദേശത്തെ ഹരിത ഉപകരണങ്ങളായ ബയോ കമ്പോസ്റ്റ്, കിച്ചൺ ബിൻ തുടങ്ങിയവയുടെ വില്പന, സർവീസ് നൽകൽ തുടങ്ങിയവയിലൂടെ ലഭിക്കുന്ന വരുമാനം.
- ഹരിതകർമ്മസേന കാർഷികസേനയായി പ്രവർത്തിക്കുക വഴി വിത്തുകൾ, തൈകൾ, ഗ്രോ ബാഗുകൾ, ചാണകം, ജൈവവളം എന്നിവയുടെ വില്പനക്കു പുറമെ മട്ടുപ്പാവ്, കൃഷി/ജൈവ കൃഷിക്കുള്ള സേവനങ്ങളിലൂടെ ലഭിക്കുന്ന വരുമാനം.

അജൈവ മാലിന്യ ശേഖരണം മുതൽ തരം തിരിച്ച് വിപണനം നടത്തുന്നതു വരെയുള്ള പ്രവർത്തന തലങ്ങളെ ഏകോപിപ്പിക്കുകയും ഹരിതസംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് ഹരിതസേന കൺസോർഷ്യം രൂപീകരിക്കേണ്ടതാണ്.

ഹരിത കർമ്മസേനയെ ഒരു സംരംഭക ഗ്രൂപ്പായി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് അവരുടെ സാമ്പത്തിക വികസനം സാധ്യമാക്കുന്നതിന് മുൻതൂക്കം നൽകേണ്ടതാണ് .

### 1-22 പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം GST അധികം നൽകി

സർക്കാർ ഉത്തരവ് നം. 82/2022/Tax/18.7.2022 പ്രകാരം 18.7.2022 പ്രാബല്യത്തിൽ സ്ഥാപനം വർക്ക ബില്ലുകളിൻമേൽ

ഒടുക്കേണ്ടിയിരുന്ന ജി.എസ്.റ്റി. 12% ആയിരുന്നു. എന്നാൽ സമയബന്ധിതമായി പണി പൂർത്തീകരിക്കാതിരുന്നതിനാൽ 8.7.2022-ന് ശേഷം 18% GST പഞ്ചായത്ത് ഒടുക്കേണ്ടിവന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | എഗ്രിമെന്റ് നം. തീയതി | സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | എഗ്രിമെന്റ് പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവർത്തി പൂർത്തീകരിച്ച തീയതി / മെഷർമെന്റ് തീയതി | ബിൽ നം. തീയതി | പ്രവൃത്തി തുക | ജി.എസ്.റ്റി ഒടുക്കിയത് | എഗ്രിമെന്റ് പ്രകാരം കൊടുക്കേണ്ടിയിരുന്ന ജിഎസ്.റ്റി (പ്രവർത്തിയുടെ 12%) | ജി.എസ്.റ്റി ഇനത്തിൽ നഷ്ടം വന്നത് |
|---|---|---|---|---|---|---|---|---|---|---|
| 1 | ശ്രീ ചിത്തിരവിലാസം എൽ.പി. സ്കൂൾ ഓഡിറ്റോറിയം സീലിംഗ് (55/23) | 17/AE/ LID&EW/ AKLM/ 2021-22/ 28-02-22 | 28-02-22 | 3 മാസം (27-5-22) | 23-2-2023 | BRN 22100152002501463828/ 24.3.23 | 211429 | 38057 | 25371.48 | 12686 |
| 2 | കുളമാവ് ഐ.എച്ച് ഇ പി എൽ പി സ്കൂൾ അറ്റകുറ്റപ്പണികൾ പൂർത്തീകരണം (49/23) | 24/AE/ LID&EW/ AKLM/ 2021-22/ 02.03.22 | 2-3-22 | 3 മാസം (1-6-22) | 14-03-2023 | BRN 22100152002501463807/ 24.3.23 | 254237 | 45763 | 30508.44 | 15254 |
| 3 | കുളമാവ് IHEP LP സ്കൂൾ മേൽക്കൂര മാറ്റൽ (45/23) | 11/AE/ LID&EW/ AKLM/ 2021-22/ 06.01.22 | 06.01.22 | 3 മാസം (5-4-22) | 23-02-2023 | BRN 22100152002501463828/ 24.3.23 | 357851 | 64413 | 42942.12 | 21471 |
| 4 | കാവുംപടി ഗോവർദ്ധനപുരം ചാമക്കാല റോഡ് പുനരുദ്ധാരണം (52/23) | 25/AE/ LID&EW/ AKLM/ 2021-22/ 03.03.22 | 03.03.22 | 3 മാസം (2-6-22) | 16-02-2023 | BRN 22100152002501405436/ 20.3.23 | 42885 | 7719 | 5146.2 | 2573 |
| 5 | വിവിധ അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ (44/23) | 21/AE/ LID&EW/ AKLM/ 2021-22/ 02.03.22 | 02.03.22 | 3 മാസം (1-6-22) | 20-03-2023 | BRN 22100152002501262172/ 28.2.23 | 90413 | 16274 | 10849.56 | 5425 |
| 6 | പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെയും മറ്റ് അനുബന്ധ കെട്ടിടത്തിന്റെയും അറ്റകുറ്റപ്പണികൾ (48/23) | 28AE/ LID&EW/ AKLM/ 2021-22/ 26.03.22 | 26.03.22 | 3 മാസം (1-6-22) | 06-03-2023 | Cheque/ | 229822 | 41368 | 27578.64 | 13789 |
| | ആകെ | | | | | | | | | 71198 |

മേൽ പരാമർശിച്ച പ്രകാരം പദ്ധതി യഥാസമയം പൂർത്തിയാക്കാതിരുന്ന കരാറുകാരിൽനിന്നോ നിർവ്വഹണം നടത്തി ബില്ല് മാറി നൽകിയ അസി. എഞ്ചിനീയറിൽ നിന്നോ ₹71198/- തിരികെ ഈടാക്കേണ്ടതാണ്.

1-23 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പദ്ധതികളുടെ തുകകൾ വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

| ക്രമ നം | പദ്ധതി വിവരം | ബിൽ നമ്പർ/ വൗച്ചർ നം | തുക (₹) |
|---|---|---|---|
| 1 | ഘടക സ്ഥാപനങ്ങൾക്ക് വാട്ടർ കണക്ഷൻ 220/23 | XVFC/2022-23 /P/37/28.03.2023 XVFC/2022-23 /P/50/30.03.2023 | 118400/- 8000/- |
| 2 | ഗവ. സ്കൂളുകൾക്ക് കുഴൽ കിണർ നിർമ്മാണം- പ്രോജക്ട് നമ്പർ 71/23 | XVFC/2022-23 /P/41/28.03.2023 | 157201/- |
| 3 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കുഴൽ കിണർ 139/23 (കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുക) | XVFC/2022-23 /P/39/28.03.2023 | 231822/- |
| 4 | അംഗൻവാടികൾക്ക് കുഴൽ കിണർ പ്രോജക്ട് നമ്പർ 70/23 | XVFC/2022-23/p/40/ 28.2023 | 307747/- |
| | | ആകെ | 823170 |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ നാല് പദ്ധതികളിലുമായുള്ള ആകെ ₹823170/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തൻവർഷം ലഭിച്ച തുക₹ | പദ്ധതിയുടെ പേര് | ചെലവ്₹ | ബാലൻസ്₹ |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 300000 | ഭവന നിർമ്മാണം (സുവർണ്ണ ഭവനം) | 300000 | 0 |
| | 230000 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 230000 | 0 |
| | 139000 | ഗോത്രസാരഥി (എസ്. റ്റി. വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം) | 139000 | 0 |
| | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2245000 | ഭവന നിർമ്മാണം (ജനറൽ) | 2245000 | 0 |
| | 400000 | ഭവന നിർമ്മാണം (എസ് സി) | 400000 | 0 |
| | 100000 | ആശ്രയ | 100000 | 0 |

| | | | | |
|---|---|---|---|---|
| | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | 20000 | ജനകീയ ഹോട്ടൽ | 20000 | 0 |

## 4-2 ഡെപ്പോസിറ്റ് പ്രവ്യത്തികൾക്കായി മുൻകൂർ നൽകിയ ഫണ്ടിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര്, പ്രൊജക്റ്റ് നം. | വൗച്ചർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ഗവ. സ്കൂളുകൾക്ക് കുഴൽക്കിണർ 71/23 | CFC2022-23/ P/41/28-03-2023 | 157201 | 0 | 157201 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് കുഴൽക്കിണർ 139/23 | CFC 2022-23/ P/39/28-03-2023 | 231822 | 0 | 231822 |
| കേരള വാട്ടർ അതോറിറ്റി | ഘടക സ്ഥാപനങ്ങൾക്ക് വാട്ടർ കണക്ഷൻ 220/23 | CFC 2022-23/ P/37/28-03-2023<br>CFC 2022-23/ P/50/30-03-2023 | 110400<br>8000 | 0<br>0 | 110400<br>8000 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | അംഗൻവാടികൾക്ക് കുഴൽക്കിണർ 70/23 | CFC 2022-23 P/40/28-03-2023 | 307747 | 0 | 307747 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

## 4-4 വായ്പ-വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ തുക | തിരിച്ചടക്കാൻ അവശേഷിക്കുന്ന ആകെ വായ്പ ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക മുതൽ |
|---|---|---|---|---|---|---|---|---|
| | | | | | | | പലിശ | |
| ജവഹർ ഭവന പദ്ധതി | ജി.ഒ (എം.എസ്.) നം. 1577/2015/ തസ്വഭവ/ തി.27.05.2015 | 21000000 | 7800000 | 0 | | 2100000 | 0 | 5700000 |
| ലൈഫ് ഭവന പദ്ധതി- കെ.യു.ആർ.ഡി എഫ്.സി | ജി.ഒ എം.എസ് നം. 68/2018/ തസ്വഭവ/ തി.18.08.2018 | 25610000 | 20330000 | 16640000 | 36970000 | 3350816 | - | 33619184 |

ലൈഫ് ഭവന പദ്ധതി വായ്പ കണക്കുകളിൽ അപാകതയുണ്ട്. ഫയലും രജിസ്റ്ററും ഒത്തുനോക്കി വാർഷിക കണക്കുകളുമായി ബന്ധപ്പെടുത്തി കണക്കുകൾ ശരിയാക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രത്യേക ഓഡിറ്റ് | | 2012-13 | 2-4 | ലഘു അവലോകനം, റിപ്പോർട്ടുകൾ | ലഭ്യമല്ല |
| പ്രത്യേക ഓഡിറ്റ് | | 2013-14 | 5-2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും | ലഭ്യമല്ല |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

ഇല്ല

ബി) സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 32 | എം. എസ്. അന്നക്കുട്ടി, സെക്രട്ടറി | LF-28318/Spl. Cell/SC2/99 Dt.16.1.2002 | 2219 | 2219/- നം..330/ 61030/ 31.3.2000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | |
| 2 | 1996-97 | 34 | ജയ്സമ്മ ജോസുകുട്ടി, പ്രസിഡന്റ് | LF-28318/Spl. Cell/SC2/99 Dt.16.1.2002 | 6000 | 6000/- 27/10380/ 3.11.2001 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | |
| 3 | 2001-02 | 2-7 | തോമസ് ജേക്കബ്, അസി. എഞ്ചിനീയർ | LF-14471/Spl. Cell/SC2/05 Dt.16.12.06 | 1536 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1536 | |
| 4 | 2003-04 | 3-5(1) | ഷാജി എം.എസ്, അസി. എൻജിനീയർ | LF-2497/Spl. Cell/SC2/08 Dt.5.5.2010 | 8378 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8378 | |
| 5 | 2003-04 | 3-5(2) | ഷാജി എം.എസ്, അസി. എൻജിനീയർ | LF-1975/Spl. Cell/SC2/08 Dt.5.5.2010 | 6502 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6502 | |
| 6 | 2008-09 | 2.6 | പി. എം. ജോണി, സെക്രട്ടറി | LF-1975/Spl. Cell/SC2/13 Dt.10.3.15 | 38841 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 38841 | |
| 7 | 2013-14 | 3.1 | സജി തോമസ്, സെക്രട്ടറി | LF-1896/Spl. Cell/SC2/2016(1) Dt.31.3.18 | 550000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 550000 | |
| 8 | 2013-14 | 3.2 | സജി തോമസ്, സെക്രട്ടറി | LF-1896/Spl. Cell/SC2/2016(2) Dt.31.3.18 | 210000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 210000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹25587802 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹55669835 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹81257637 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹51776469 |
| ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ് | ₹29481168 |

(കുറിപ്പ്:- പഞ്ചായത്തിന്റെ 2022-23 -ലെ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്)

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1291169 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-19 | 467999 | 29250 | ശ്രീമതി. കൊച്ചുറാണി ജോസ്, മെമ്പർ, വാർഡ്-1 |
| | | 29250 | ശ്രീ. വിനോദ്. കെ.എസ്., മെമ്പർ, വാർഡ്-2 |
| | | 29250 | ശ്രീമതി. ഗീത തുളസീധരൻ, മെമ്പർ, വാർഡ്-3 |
| | | 29250 | ശ്രീ. കെ.എൽ. ജോസഫ്, മെമ്പർ, വാർഡ്-4 |
| | | 29250 | ശ്രീമതി. സിന്ധു പി.എസ്., മെമ്പർ, വാർഡ്-5 |
| | | 29250 | ശ്രീ. ടോമി ദേവസ്യ, മെമ്പർ, വാർഡ്-6 |
| | | 29250 | ശ്രീ. പി.എ. വേലുക്കുട്ടൻ, മെമ്പർ, വാർഡ്-7 |
| | | 29250 | ശ്രീമതി. ഷീജ പി.എൻ., മെമ്പർ, വാർഡ്-8 |
| | | 29250 | ശ്രീമതി. സുബി ജോമോൻ, മെമ്പർ, വാർഡ്-9 |
| | | 29250 | ശ്രീമതി. എലിസബത്ത് ജോൺസൺ, മെമ്പർ, വാർഡ്-10 |
| | | 29250 | ശ്രീമതി. സുശീല ഗോപി, മെമ്പർ, വാർഡ്-11 |
| | | 29250 | ശ്രീമതി. സിനി തോമസ്, മെമ്പർ, വാർഡ്-12 |
| | | 29250 | ശ്രീമതി. ഉഷ ഗോപിനാഥ്, മെമ്പർ, വാർഡ്-13 |
| | | 29250 | ശ്രീ. ഷിബു ജോസഫ്, മെമ്പർ, വാർഡ്-14 |
| | | 29250 | ശ്രീമതി. ഓമന ജോൺസൺ, മെമ്പർ, വാർഡ്-15 |
| | | 29249 | ശ്രീ. വിനുകുമാർ എസ്. പി., സെക്രട്ടറി |
| 1-23 | 823170 | | ശ്രീ. വിനുകുമാർ എസ്. പി., സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിനുകുമാർ എസ്. പി., സെക്രട്ടറി | സെക്രട്ടറി, അറക്കുളം ഗ്രാമപഞ്ചായത്ത് | കരിച്ചാനത്ത് വീട്,<br>മിതിർമല പി.ഒ.<br>തിരുവനന്തപുരം -695610 |
| ശ്രീമതി. കൊച്ചുറാണി ജോസ് | മെമ്പർ, വാർഡ്-1, അറക്കുളം ഗ്രാമപഞ്ചായത്ത് | പിണക്കാട്ട്, അറക്കുളം-685591 |
| ശ്രീ. വിനോദ്. കെ.എസ്. | മെമ്പർ, വാർഡ്-2, അറക്കുളം ഗ്രാമപഞ്ചായത്ത് | താഴത്തുമനയ്ക്കൽ, അറക്കുളം – 685591 |
| ശ്രീമതി. ഗീത തുളസീധരൻ, | മെമ്പർ, വാർഡ്-3, അറക്കുളം ഗ്രാമപഞ്ചായത്ത് | കുന്നംപള്ളിൽ, അറക്കുളം, മൂലമറ്റം – 685589 |
| ശ്രീ. കെ.എൽ. ജോസഫ് | മെമ്പർ, വാർഡ്-4, അറക്കുളം ഗ്രാമപഞ്ചായത്ത് | കല്ലൂപ്പാറയിൽ, മൂലമറ്റം -685589 |
| ശ്രീമതി. സിന്ധു പി.എസ്. | മെമ്പർ, വാർഡ്-5, അറക്കുളം ഗ്രാമപഞ്ചായത്ത് | പ്ലാക്കൽ, ഉറുമ്പുള്ള്, കോട്ടമല-685503 |
| ശ്രീ. ടോമി ദേവസ്യ | മെമ്പർ, വാർഡ്-6 അറക്കുളം ഗ്രാമപഞ്ചായത്ത് | വാളികുളത്ത്, മൂലമറ്റം |
| ശ്രീ. പി.എ. വേലുക്കുട്ടൻ | മെമ്പർ, വാർഡ്-7, അറക്കുളം ഗ്രാമപഞ്ചായത്ത് | പുതിയകുന്നേൽ, അറക്കുളം-685591 |
| ശ്രീമതി. ഷീജ പി.എൻ. | മെമ്പർ, വാർഡ്-8, അറക്കുളം ഗ്രാമപഞ്ചായത്ത് | മുട്ടത്ത്, എടാട് - |

| | | |
|---|---|---|
| ശ്രീമതി. സുബി ജോമോൻ | മെമ്പർ, വാർഡ്-9, അറക്കുളം ഗ്രാമപഞ്ചായത്ത് | അറയ്ക്കപ്പറമ്പിൽ, എലപ്പിള്ളി- 685589 |
| ശ്രീമതി. എലിസബത്ത് ജോൺസൺ | മെമ്പർ, വാർഡ്-10, അറക്കുളം ഗ്രാമപഞ്ചായത്ത് | ചെമ്പൻപ്ലാക്കൽ, കണ്ണിക്കൽ 685589 |
| ശ്രീമതി. സുശീല ഗോപി | മെമ്പർ, വാർഡ്-11, അറക്കുളം ഗ്രാമപഞ്ചായത്ത് | ഇഞ്ചപ്ലാക്കൽ, പതിപ്പള്ളി |
| ശ്രീമതി. സിനി തോമസ് | മെമ്പർ, വാർഡ്-12, അറക്കുളം ഗ്രാമപഞ്ചായത്ത് | ആഴത്ത്, മൂലമറ്റം -685589 |
| ശ്രീമതി. ഉഷ ഗോപിനാഥ് | മെമ്പർ, വാർഡ്-13, അറക്കുളം ഗ്രാമപഞ്ചായത്ത് | വെള്ളിത്തെക്കേടത്ത്, അറക്കുളം |
| ശ്രീ. ഷിബു ജോസഫ് | മെമ്പർ, വാർഡ്-14, അറക്കുളം ഗ്രാമപഞ്ചായത്ത് | പാറേക്കാട്ടിൽ, എലപ്പിള്ളി-685589 |
| ശ്രീമതി. ഓമന ജോൺസൺ | മെമ്പർ, വാർഡ്-15, അറക്കുളം ഗ്രാമപഞ്ചായത്ത് | ഈന്തനാൽ, മൂന്നുങ്കവയൽ, അറക്കുളം-685591 |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 2006-2007 | കെ.എസ്.എ.ഐ.ഡി.കെ.പി5/1280 (2006-07 അദാലത്ത്)/2022/03-09-2022 | 1 | 3-1 |
| 2007-2008 | കെ.എസ്.എ.ഐ.ഡി.കെ.പി5/1280/ (2007-08 അദാലത്ത്)/2022/03-09-2022 | 6 | 2-6(എ),3-12,3-13, 3-14,3-17,3-18 |
| 2008-2009 | കെ.എസ്.എ.ഐ.ഡി.കെ.പി5/1280 (2008-09 അദാലത്ത്-)/2022/03-09-2022 | 6 | 2-6,3-5,3-7, 3-10,3-11,3-12 |
| 2009-2010 | കെ.എസ്.എ.ഐ.ഡി.കെ.പി5/1280 (2009-10 അദാലത്ത്-)/2022/03-09-2022 | 2 | 2-4,3-7 |
| 2010-2011 | കെ.എസ്.എ.ഐ.ഡി.കെ.പി5/1280 (2010-11 അദാലത്ത്)/2022/03-09-2022 | 1 | 3-9 |
| 2011-2012 | കെ.എസ്.എ.ഐ.ഡി.കെ.പി5/1280 (2011-12 അദാലത്ത്)/2022/03-09-2022 | 2 | 3-8, 3-11 |
| 2012-2013 | കെ.എസ്.എ.ഐ.ഡി.കെ.പി5/1280 (2012-13 അദാലത്ത്)/2022/03-09-2022 | 2 | 3-7,3-12 |
| 2013-2014 | കെ.എസ്.എ.ഐ.ഡി.കെ.പി5/1280 (2013-14 അദാലത്ത്)/2022/03-09-2022 | 10 | 2-1, 3-1, 3-2,3-3,3-5, 3-7,3-9,3-10, 3-14,3-20 |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ.പി5/1280 (2014-15 അദാലത്ത്)/2022/03-09-2022 | 2 | 3-3,3-4 |
| 2016-2017 | കെ.എസ്.എ.ഐ.ഡി.കെ.പി5/1280 (2015-16 അദാലത്ത്)/2022/03-09-2022 | 4 | 2-2, 3-4, 3-8,3-10 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.പി5/1280 (2017-18 അദാലത്ത്)/2022/03-09-2022 | 1 | 2-1 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.പി5/1280 (2018-19 അദാലത്ത്)/2022/03-09-2022 | 2 | 3-2 (1),3-12 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ. 11/611/2021 തീ. 08.09.2021 | 14 | 1-1, 1-7, 1-9, 1-11 മുതൽ 1-20 വരെ, 2-1 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ. 11/737/2021 തീ. 27.09.2021 | 8 | 1-5, 1-12, 1-15, 1-19, 1-20, 1-21, 1-25, 1-28 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി.5-123/2023 / തീ. 29.04.2023 | 27 | 1-1 മുതൽ 1-27 വരെ |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 8/1 dated 15-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Arakulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of Arakulam Grama Panchayat for the year 2022-2023

Date: 16/11/2023

Deputy Director
District Office Idukki
Kerala State Audit Department

**Audit Report appended to the Audit Certificate of Arakulam Grama Panchayat for the Year 2022-2023.**

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

2. Non disclosure of Assets. Asset register is not comprehensive and up to date.

**2.Other Observations**

1. Cash flow statement, Net increase/decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.
2. Misclassification of Receipt vouchers
3. Monthly Bank reconciliation statement not prepared.
4. Demand register does not match with financial statements.
5. Registers, viz., Deposit Register, Advance Register etc. are not maintained correctly and or does not match with accounts.
6. Lapses in making timely and accurate demand entries in respect of tax and non tax revenue.
7. Depreciation provided for an asset which is not recorded in Asset Register of Grama Panchayat.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്